മായി ഒരു ചോദ്യത്തിനോട്ട് അനുബന്ധിച്ചുള്ള ചോദ്യങ്ങളം ചോദിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള വിവരങ്ങളം തരാതെ പ്രത്യേകം ചോദ്യം ചോദിക്കണമെന്നു പറയുന്നതു് ശരിയാണോ ?

ശ്രീ. ആർ. ശങ്കർ : ഇങ്ങനെയൊരു ഉപചോദ്യം ഇതിൽ വരുമെന്നു് പ്രതീക്ഷിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ രണ്ടു മാസത്തിനുമുമ്പു നടന്നിട്ടുള്ള കേസ്സുകളിൽ എത്രയെണ്ണം ഇതിനിടയിൽ ശിക്ഷിച്ചുവെന്നുള്ള ചോദ്യം ഇതിൽ വരുമെന്നു് പ്രതീക്ഷിക്കാൻ ഇടയില്ല.

കടലാക്രമണം.

* 889. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണം തടയുന്നതിനു് എന്തെല്ലാം നടപടികളാണു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുള്ളതെന്നു പറയാമോ ;

(ബി) ഇതിനുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ ആകെ ചെലവായ സംഖ്യ എത്ര ;

(സി) ഇതിൽ ഏറ്റവും കൂടുതൽ പണി നടന്നിട്ടുള്ളതു് എവിടെയാണു് ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) കടലാക്രമണം തടയുന്നതിനു് കരിങ്കൽകൊണ്ടു് കടൽഭിത്തിയും പുലിമുട്ടും കെട്ടുക എന്ന പദ്ധതിയാണു് ഇപ്പോൾ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ളതു്.

(ബി) ഇതിനുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ 1964 ജനുവരി അവസാനം വരെ നാൽപത്തൊൻപതുലക്ഷത്തി നാൽപത്തിരായിരത്തി അഞ്ഞൂററിനാൽപത്തിയെട്ടു് (49,42,548) രൂപ ചെലവായിട്ടുണ്ടു്.

(സി) തോട്ടപ്പള്ളി, പുറക്കാടു് എന്നീ പ്രദേശങ്ങളിലാണു്.

ശ്രീ. കെ. സി. എബ്രഹാം : ഒരു അമേരിക്കൻ വിദഗ്ധൻ നിർദ്ദേശിച്ച വിധത്തിൽ ഇവിടെ കടലാക്രമണം തടയുന്നതിനെപ്പററി പരീക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : പുറക്കാടു് ഭാഗത്തു് കൊല്ലം-ആലപ്പുഴ റോഡിൽ 41/0 ആൻഡു് 42/0 എന്ന സ്ഥലത്തു് ആണു് അമേരിക്കൻ വിദഗ്ധൻറെ അഭിപ്രായമനുസരിച്ചു് ആർട്ടിഫിഷ്യൽ സാൻഡ്ബാർ കെട്ടുന്നതിനെപ്പററി പരീക്ഷിച്ചുനോക്കുന്നതു്.

ശ്രീമതി നഫീസത്തു ബീവി : തോട്ടപ്പള്ളി ഭാഗത്തു് പുലിമുട്ടു് ഇട്ടു് കടലാക്രമണം തടഞ്ഞതിൻറെ ഫലമായി അവിടെനിന്നു് കുറേക്കൂടി മാറി വലിയ തോതിൽ കടലാക്രമണം ഉണ്ടാകുന്നതായിട്ടറിയാമോ ? കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുമ്പു് അവിടെ വലിയ തോതിലുള്ള കടലാക്രമണം ഉണ്ടാകുകയും ഏതാനും ഭവനങ്ങൾ അതിൽപ്പെട്ടു നശിച്ചുപോകുകയും ചെയ്തിട്ടുണ്ടു്. അതിനെത്തു പരിഹാരനടപടിയാണു് ഗവണ്മെൻറിൽനിന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. പി. പി. ഉമ്മർകോയ : തോട്ടപ്പള്ളി ഭാഗത്തു് ഇപ്പോൾ കടലാക്രമണത്തിനെതിരായി സംരക്ഷണനടപടികൾ എടുത്തുകൊണ്ടിരിക്കുന്നതിനു് വടക്കുഭാഗത്താണു് കടലാക്രമണം ഉണ്ടായിട്ടുള്ളതു്. അവിടെ കടലാക്രമണം തടയുന്നതിനു് ആർട്ടിഫിഷ്യൽ നറിഷ്മെൻറ് സ്കീം അനുസരിച്ചു് സംരക്ഷണനടപടികളെടുക്കുകയാണു്. അതിൻറെ മേൽനോട്ടം വഹിക്കുന്നതിനായി അമേരിക്കൻ വിദഗ്ധനായ മി. റെയനാൾഡ് ഇന്നലെ ഇവിടെ വന്നിട്ടുണ്ടു്. അതിൻറെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടിയാണു് ഇവിടെ വന്നിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കോഴിക്കോട്ട് തീരപ്രദേശത്തു കടലാക്രമണം കൂടക്കൂടെ ഉണ്ടാകുന്നുണ്ട്. അവിടെ കടലാക്രമണം തടയാൻ വല്ല നടപടികളും എടുത്തിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : കോഴിക്കോട്ട ജില്ലയിൽ പ്രധാനമായിട്ട് കടലാക്രമണം ഉണ്ടായിട്ടുള്ളതു് പരപ്പനങ്ങാടി, കൊയിലാണ്ടി, വടകര, കോഴിക്കോട് എന്നീ പ്രദേശങ്ങളിലാണു്. ഈ സ്ഥലങ്ങളിലെല്ലാംതന്നെ സംരക്ഷണനടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. അടുത്തകാലത്തായി പ്രത്യേകമായിട്ടൊന്നും അവിടെ ഉണ്ടായിട്ടില്ല.

ഇലക്ട്രിസിറ്റി ഡ്യൂട്ടിയും, മീറ്റർ ഹയറും.

* 890. [3] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തു ശതമാനം ഇലക്ട്രിസിറ്റി ഡ്യൂട്ടി കൂടുതലായി പിരിക്കുന്നതു് കൂടാതെ മാസം ഒന്നുക്ക് ഒരു രൂപാവീതം മീറ്റർ ഹയറും ഓരോ കൺസ്യൂമേർസിൽനിന്നും പിരിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഒരു മീറ്ററിന്റെ വില രണ്ടു വരുമെന്നാണു് കണക്കാക്കിയിരിക്കുന്നതു്.

(സി) ഉടനെയായി മീറ്റർ ഹയർ പിരിവു് നിറുത്തി വയ്പ്പാൻ വേണ്ട നടപടികളും എടുക്കുമോ ?

Mr. Spraker : A similar question has already been answered.

ശ്രീ. കെ. ഹസൻഗനി : ബിയുടേയും സിയുടേയും ഉത്തരം പറഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(ബി) സിംഗിൾ ഫേസ് ഹൌസ് സപ്ലീസ് മീറ്ററിനു് 45 രൂപയും ത്രീഫേസ് മീറ്ററിനു് 200 രൂപയും വിലയുണ്ടു്.

(സി) ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനാണു് മീറ്റർ ഹയർ ഏർപ്പെടുത്തിയിട്ടുള്ളതു്. അതു് പിൻവലിക്കാൻ സാദ്ധ്യതയില്ല.

ശ്രീ. കെ. ഹസൻഗനി : ഇപ്പോഴും ഓരോ മാസവും മീറ്റർ ഹയർ ഇനത്തിൽ ഓരോ രൂപ വീതം വാങ്ങുന്നുണ്ടു്. അതുകൊണ്ടു് വളരെയേറെ വിഷമതകളും കൺസ്യൂമേഴ്സിനു് ഉണ്ടാകുന്നുണ്ടെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടു് അതിലെന്തെങ്കിലും കുറവു ചെയ്യുന്നതിനുള്ള നടപടികളും എടുക്കുമോ?

ശ്രീ. ആർ. ശങ്കർ : ഇപ്പോഴും ഓരോ രൂപ വീതം ഈടാക്കുന്നതു് വളരെ കൂടുതലാണെന്നു പറയുന്നതു് ശരിയല്ല. കുറെക്കാലം കഴിയുമ്പോഴും മീറ്ററുകൾക്കു് കേടു സംഭവിക്കും. അപ്പോഴും അവ മാറിവെയ്ക്കേണ്ടതാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : നമ്മുടെ സ്റ്റോറിൽ വിദ്യുച്ഛക്തിയുടെ ദുരുപയോഗവും ഉപയോഗിക്കുന്നതു് വീട്ടാവശ്യത്തിനുവേണ്ടിയാണു്. അങ്ങനെ ആകെ നികുതിയുടെ നാൽപത്തിയൊന്നര ശതമാനം ഈടാക്കുന്നതാണെന്നും അതിനെപ്പറ്റി പുനഃപരിശോധന ചെയ്യേണ്ടതാണെന്നു് 1963–ലെ എക്കണാമിക് 118–ാംപേജിൽ ആറു്, പതിനാല് എന്നീ പേജുകളിൽ പറഞ്ഞിട്ടുള്ളതു് ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനെപ്പറ്റി പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly